# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 06 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## കോവിഡ് 19: ജില്ലയിൽ നിരീക്ഷണത്തിലുള്ളത് 688 പേർ

ജില്ലയിൽ വീടുകളിൽ 676 പേരും ആശുപത്രികളിൽ 12 പേരും ഉൾപ്പെടെ ആകെ 688 പേരാണ് നിരീക്ഷണത്തിലുള്ളത്. ബുധനാഴ്ച (മെയ് 6) നിരീക്ഷണത്തിന്റെ ഭാഗമായി ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 2 പേരെ ഡിസ്ചാർജ്ജ് ചെയ്തു.

ബുധനാഴ്ച (മെയ് 6) 12 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ഇതു വരെ 1315 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 1303 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 12 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. സാമ്പിൾ പരിശോധന ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി 261 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ശ്വാസകോശസംബന്ധമായ രോഗമുള്ളവർ, കച്ചവടക്കാർ, പോലീസ്, റേഷൻകടയിലെ ജീവനക്കാർ, അതിഥി തൊഴിലാളികൾ, 60 വയസ്സിനു മുകളിലുള്ളവർ, അന്തർസംസ്ഥാന യാത്രക്കാർ തുടങ്ങി വിവിധ മേഖലകളിലുള്ളവരുടെ സാമ്പിളുകളാണ് ഇപ്രകാരം പരിശോധനയ്ക്ക് അയച്ചത്.

346 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. ബുധനാഴ്ച (മെയ് 6) 17 പേർക്ക് കൗൺസലിംഗ് നൽകി.

ചരക്ക് വാഹനങ്ങളിലെത്തുന്ന ഡ്രൈവർമാരെയും മറ്റുള്ളവരെയുമടക്കം ശക്തൻ പച്ചക്കറി മാർക്കറ്റിൽ 1592 പേരെയും മത്സ്യചന്തയിൽ 784 പേരെയും ബസ് സ്റ്റാന്റിലെ പഴവർഗ്ഗങ്ങൾ വിൽക്കുന്ന മാർക്കറ്റിൽ 48 പേരെയും മറ്റ് പഴവർഗ്ഗ മാർക്കറ്റിൽ 114 പേരെയും സ്ക്രീൻ ചെയ്തു.

ഡെങ്കിപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വേലൂർ, പൂത്തോൾ, അയ്യന്തോൾ എന്നീ മേഖലകളിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി.

### ആദ്യ വിമാനത്തിൽ മടങ്ങിയെത്തുന്നത് 73 പേർ
## പ്രവാസികൾക്കായി ഒരുക്കങ്ങൾ പൂർത്തിയായി

വിദേശത്ത് നിന്ന് തിരിച്ചെത്തുന്ന പ്രവാസി മലയാളികളെ നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിനുള്ള ഒരുക്കങ്ങളെല്ലാം ജില്ലയിൽ പൂർത്തിയായി. കൊച്ചിയിൽ എത്തുന്ന ആദ്യ വിമാനത്തിൽ തൃശൂർ ജില്ലയിൽ നിന്നുള്ള 73 പേരാണ് ഉള്ളത്. രാത്രി 9.40 ന് വിമാനത്താവളത്തിൽ എത്തുന്ന

ഇവരെ പരിശോധനയ്ക്ക് വിധേയമാക്കും. രോഗലക്ഷണങ്ങൾ ഉള്ളവരെ ആശുപത്രിയിലേക്ക് മാറ്റും. അല്ലാത്തവരെ ജില്ലാ ഭരണകൂടം ഒരുക്കിയിട്ടുള്ള നിരീക്ഷണകേന്ദ്രത്തിലേക്ക് എത്തിക്കും. ആദ്യ വിമാത്തിൽ എത്തുന്നവർക്കായി ഗുരുവായൂരിലെ വിവിധ സ്ഥാപനങ്ങളിലാണ് നിരീക്ഷണസൗകര്യം ഒരുക്കിയിട്ടുള്ളത്. ഗുരുവായൂർ ദേവസ്വത്തിന്റെ 3 അതിഥി മന്ദിരങ്ങളിലായിരിക്കും ഇവരെ താമസിപ്പിക്കുക. ഇന്ന് (മെയ് 7) ചേരുന്ന യോഗത്തിൽ ഇക്കാര്യം വീണ്ടും പരിശോധിക്കും. വിമാനത്താവളത്തിൽ സ്ക്രീനിങ്ങിനും രജിസ്ട്രേഷനുമായി ജില്ലയിലെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പരിശോധന കൗണ്ടറുകൾ ഇന്ന് മുതൽ പ്രവർത്തിക്കും. റവന്യൂ, ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധികളെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. വിമാനത്താവളത്തിൽ നിന്ന് പ്രത്യേക വാഹനങ്ങളിൽ പ്രവാസികളെ ഗുരുവായൂരിൽ എത്തിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

വിദേശമലയാളികളെ താമസിപ്പിക്കുന്ന കോവിഡ് കെയർ സെന്ററുകളിൽ ഭക്ഷണവും മറ്റു സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. മെയ് 7 നും 13 നും ഇടയിൽ 3000 ഓളം പേർ കേരളത്തിലെ വിവിധ വിമാനത്താവളങ്ങളിലായി എത്തിച്ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ 30% പേർ ജില്ലയിലുള്ളവരാണ്. പ്രവാസിമലയാളികളെ കപ്പലിലും മടക്കി എത്തിക്കുന്നുണ്ട്. ആദ്യ കപ്പൽ മെയ് 10 നാണ് കൊച്ചിയിൽ എത്തുക. ഈ കപ്പലിലുള്ള തൃശൂർ ജില്ലക്കാരെ തൃശൂർ താലൂക്കിലുള്ള കോവിഡ് കെയർ സെന്ററുകളിലാണ് താമസിപ്പിക്കുക. തിരിച്ചെത്താൻ താൽപര്യം പ്രകടിപ്പിച്ച 47500 പ്രവാസികൾക്കായി ജില്ലയുടെ 7 താലൂക്കുകളിലും നിരീക്ഷണ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 354 കെട്ടിടങ്ങളിലായി 17122 കിടക്കകൾ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമവും പുരോഗമിക്കുകയാണ്.

ഇതരസംസ്ഥാനങ്ങളിൽ നിന്ന് മടങ്ങിയെത്തിയവരെ നിരീക്ഷണത്തിലാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഇക്കാര്യം ഉറപ്പുവരുത്തും. റെഡ് സോണിൽ നിന്ന് മടങ്ങിയെത്തിയവരെ കോവിഡ് സെന്ററുകളിലേക്ക് മാറ്റണമെന്ന് നിർദ്ദേശമുണ്ട്.

കോവിഡ് കെയർ സെന്ററുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. നമ്പറുകൾ: **9400063731, 9400063732, 9400063733, 9400063734, 9400063735.**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ബുധനാഴ്ച (മെയ് 6) ലഭിച്ചത് 2,95,570 രൂപ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജില്ലയിൽ നിന്നും ബുധനാഴ്ച (മെയ് 6) ലഭിച്ചത് 2,95,570 രൂപ. ചെക്കായി/ഡിഡി വഴി 2,68,570 രൂപയും പണമായി 27,000 രൂപയുമാണ് ലഭിച്ചത്. ഇതോടെ 2020 ഏപ്രിൽ 5 മുതൽ മെയ് 6 വരെ കോവിഡ് ദുരിതാശ്വാസ നിധിയിലേക്ക് ജില്ലയിൽ ലഭിച്ച തുക 6,06,87,615 രൂപ ആയി. ചെക്ക്/ഡിഡി നൽകിയവർ: എ വിജയലക്ഷ്മി, എല്ലത്ത്-10,000, ധനലക്ഷ്മി ബാങ്കിൽ നിന്ന് വിരമിച്ചവർ-1,06,000, സാന്ത്വനം ചാരിറ്റബിൾ ട്രസ്റ്റ്, നെല്ലികുന്ന്-25,000, ഡോ. എം എൻ വിനയകുമാർ, അയ്യന്തോൾ-50,000, പി വി സൈമി, അവണൂർ-50,000, കെ ആർ പീതാംബരൻ, ഇരിങ്ങാലക്കുട-27,570.പണമായി നൽകിയവർ: പിഡബ്ല്യൂഡി റിട്ടേയർഡ് എംപ്ലോയീസ് സൊസൈറ്റി, തൃശൂർ-22,000, ഇ പി ജോസ്, ഒളരിക്കര-5,000.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 50,000 രൂപ നൽകി കുന്നുങ്ങൽ ഗ്രൂപ്പ് എംഡി

പ്രവാസി വ്യവസായിയും കുന്നുങ്ങൽ ഗ്രൂപ്പ് എംഡിയുമായ അമർകുമാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 50000 രൂപയുടെ ചെക്ക് നൽകി. എംഡിയ്ക്ക് വേണ്ടി കുന്നുങ്ങൽ മുരളി, ഗീതാ ഗോപി എം എൽ എയ്ക്ക് ചെക്ക് കൈമാറി. കുന്നുങ്ങൽ ഗ്രൂപ്പിന്റെ തൃപ്രയാറിലുള്ള ഗസ്റ്റ് ഹൗസിലെ മുറികൾ ഗൾഫിൽ നിന്ന് തിരിച്ചു വരുന്നവർക്ക് ക്വാറന്റൈനിൽ താമസിക്കാൻ വിട്ടു നൽകുകയും ചെയ്തു.

# അലങ്കാര മൽസ്യങ്ങൾ വിറ്റു കിട്ടിയ തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകി

ആറാം ക്ലാസ് വിദ്യാർഥികളായ ഇരട്ടസഹോദരങ്ങൾ അലങ്കാര മൽസ്യങ്ങൾ വിറ്റു കിട്ടിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി. വേലൂപ്പാടം ഊരത്ത് ഷംസുദ്ദീന്റെ മക്കളായ മുഹമ്മദ് ഫയാസ്, മുഹമ്മദ് ഫിയാസ് എന്നിവരാണ് അലങ്കാര മൽസ്യങ്ങളായ ഗപ്പികൾ വിറ്റു കിട്ടിയ 890 രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്. വരന്തരപ്പിള്ളി സിഐ എസ്. ജയകൃഷ്ണൻ തുക ഏറ്റുവാങ്ങി. ഇരുവരും വരന്തരപ്പിള്ളി സെൻറ് പയസ് സി യു പി എസ് സ ്കൂളിലെ വിദ്യാർത്ഥികളാണ്.

***ഫോട്ടോ അടിക്കുറിപ്പ്: ആറാം ക്ലാസ് വിദ്യാർഥികളായ ഇരട്ടസഹോദരങ്ങളായ മുഹമ്മദ് ഫയാസ്, മുഹമ്മദ് ഫിയാസ് എന്നിവർ അലങ്കാര മൽസ്യങ്ങൾ വിറ്റു കിട്ടിയ തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്നു***

# വാവേക്കർ കോൾ പടവിൽ 30 വർഷങ്ങൾക്കുശേഷം കൊയ്ത്ത്

കാട്ടകാമ്പാൽ ചിറയൻകാട് പാപ്പിരുത്തി വാവേക്കർ കോൾ പടവിൽ കൊയ്ത്ത് തുടങ്ങി. മുപ്പതുവർഷം തരിശായിക്കിടന്ന പടവിലാണ് കർഷകരുടെ കഠിനാധ്വാനത്തിന്റെയും കൂട്ടായ്മയുടേയും ഫലമായി ഈ വർഷം കൃഷിയിറക്കിയത്. ഹരിതകേരള മിഷന്റെ തരിശുരഹിത തൃശൂർ പദ്ധതി പ്രകാരമാണ് കൃഷി ആരംഭിച്ചത്. ഒരാഴ്ചയ്ക്കുള്ളിൽ കൊയ്ത്ത് പൂർത്തിയാകും. 60 ഏക്കർ പാടത്ത് 23 കർഷകരാണ് ഉമ നെൽവിത്ത് കൃഷി ചെയ്തത്. രണ്ട് കൊയ്ത്തുമെതി യന്ത്രം ഉപയോഗിച്ചാണ് കൊയ്യുന്നത്.

ചൊവ്വന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആർ രുഗ്മിണി, കാട്ടകാമ്പാൽ കൃഷി ഓഫീസർ ജെ. അമല, കൃഷി അസിസ്റ്റന്റുമാരായ ടി.ജെ. ജിനി, സിനിമോൾ, വാർഡ് അംഗം ടി.എസ്. മണികണ്ഠൻ, പടവ് സെക്രട്ടറി കെ.എം. അൻവർ, പ്രസിഡന്റ് ഗോപിനാഥൻ വെളിയത്ത്, കെ എ മൊയ്തുണ്ണി തുടങ്ങിയവരാണ് കൊയ്ത്തിന് നേതൃത്വം നൽകുന്നത്.

# അവശ്യസർവ്വീസ് വിഭാഗക്കാർക്ക് പൊലീസ് പാസ് ആവശ്യമില്ല

അവശ്യസർവ്വീസ് വിഭാഗത്തിൽപ്പെട്ടവർക്ക് യാത്രാനിരോധനം ബാധകമല്ലെന്നും പാസ് ആവശ്യമല്ലെന്നും സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ. സർക്കാർ ജീവനക്കാരുൾപ്പെടെ സ്വകാര്യമേഖലയിലെയും സർക്കാർ മേഖലയിലെയും ഡോക്ടർമാർ, ആരോഗ്യപ്രവർത്തകർ, ശുചീകരണത്തൊഴിലാളികൾ, ബാങ്ക് ജീവനക്കാർ, മാധ്യമ പ്രവർത്തകർ, ഐ.റ്റി മേഖലകളിലുള്ളവർ, ഡാറ്റ സെൻറർ ജീവനക്കാർ, ബഹിരാകാശ ശാസ്ത്രവുമായി ബന്ധപ്പെട്ട ജീവനക്കാർ മുതലായവർക്ക് വൈകുന്നേരം ഏഴ് മണി മുതൽ അടുത്തദിവസം രാവിലെ ഏഴ് മണിവരെയുള്ള യാത്രാനിരോധനം ബാധകമല്ലെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. കൂടാതെ മറ്റ് ജില്ലകളിലേക്ക് ഔദ്യോഗിക ആവശ്യത്തിന് യാത്രചെയ്യുന്നതിന് പോലീസ് പാസ് വാങ്ങേണ്ടതില്ലെന്നും തിരിച്ചറിയൽ കാർഡോടുകൂടി യാത്ര ചെയ്യാവുന്നതാണെന്നും വ്യക്തമാക്കി.

നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വെട്ടുകല്ല് മുറിച്ച് ശേഖരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സിമൻറ് വിൽക്കുന്നത് ഉൾപ്പെടെ നിർമ്മാണ സാമഗ്രികൾ വിൽക്കുന്ന കടകൾക്കും പ്രവർത്തനാനുമതിയുണ്ട്. തുറന്ന് പ്രവർത്തിക്കുന്ന സ്വകാര്യസ്ഥാപനങ്ങൾ സർക്കാർ ഓഫീസുകൾ പിന്തുടരുന്നതിന് സമാനമായ കർശനമായ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. ഏറ്റവും കുറച്ച് ജീവനക്കാർ, സാമൂഹ്യ അകലം പാലിക്കൽ എന്നിവയാണ് പ്രധാനം. ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർ തിരിച്ചറിയൽ കാർഡും സത്യവാങ്മൂലവും കരുതണം. ഇവർക്ക് പോലീസ് പാസ്സിന്റെ ആവശ്യമില്ലെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. എന്നാൽ ചുവപ്പുമേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന ജില്ലകളിലേക്കും ഹോട്ട്സ്പോട്ട്

മേഖലകളിലേക്കും പോലീസ് പാസ് നൽകുന്നതല്ല. എല്ലാ ദിവസവും ജില്ല വിട്ട് പോയിവരുന്നതിനും പാസ് ലഭിക്കില്ല.

## പ്രവാസികൾക്ക് നിരീക്ഷണത്തിലിരിക്കാൻ മുറികൾ തയ്യാറാക്കി ചാവക്കാട് താലൂക്ക്

വിദേശരാജ്യങ്ങളിൽ നിന്നുള്ള മലയാളികൾക്ക് നിരീക്ഷണത്തിൽ കഴിയാനായി ചാവക്കാട് താലൂക്കിൽ 3401 മുറികൾ തയ്യാറാക്കി. അതിൽ 3000 മുറികൾ ഗുരുവായൂരിലാണ് തയ്യാറാക്കിയിട്ടുള്ളത്. 125 കെട്ടിടങ്ങൾ ഇതിനായി ഗുരുവായൂരിൽ സജ്ജമാണ്. ഓരോ കെട്ടിടത്തിലും ചുമതലയ്ക്കായി ഒരു റവന്യൂ ഓഫീസർ, മെഡിക്കൽ ഓഫീസർ, വളണ്ടിയർമാർ, ഡോക്ടർമാരുടെ സംഘം എന്നിവരെ ചുമതലപ്പെടുത്തി. 47500 പേരാണ് ഇതുവരെ കേരളത്തിൽ എത്താൻ വിദേശരാജ്യങ്ങളിൽ നിന്നും രജിസ്റ്റർ ചെയ്തിരിക്കുന്നത്.

## ജില്ലയിൽ 52068 എ.എ.വൈ കാർഡുടമകൾ സൗജന്യ ഭക്ഷ്യക്കിറ്റ് കൈപ്പറ്റി

ജില്ലയിൽ 98.84 ശതമാനം വരുന്ന എ എ വൈ വിഭാഗം മഞ്ഞ കാർഡുടമകൾ സൗജന്യ ഭക്ഷ്യക്കിറ്റ് കൈപ്പറ്റി. 52677 എ എ വൈ കാർഡുടമകളിൽ 52068 പേരാണ് കിറ്റ് കൈപ്പറ്റിയത്. 95.76 ശതമാനം പി എച്ച് എച്ച് കാർഡുടമകളും സൗജന്യ ഭക്ഷ്യക്കിറ്റ് കൈപ്പറ്റിയിട്ടുണ്ട്. 281865 പി എച്ച് എച്ച് റേഷൻ കാർഡുടമകളിൽ 269914 പേരാണ് കിറ്റ് കൈപ്പറ്റിയത്. പിഎംജികെഎവൈ പദ്ധതി പ്രകാരം 50272 കാർഡുടമകളും 276751 കാർഡുടമകളും റേഷൻ വിഹിതം കൈപ്പറ്റി. വിവിധ താലൂക്കുകളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ പൊതുവിപണിയിൽ നടത്തിയ കർശന പരിശോധനയിൽ തൃശൂർ താലൂക്കിൽ നാല്, കൊടുങ്ങല്ലൂർ താലൂക്കിൽ ഒന്ന് എന്നിങ്ങനെ ആകെ അഞ്ച് ക്രമക്കേടുകളാണ് കണ്ടെത്തിയത്.

## ഓൺലൈനായി പണമടയ്ക്കാം

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഗുണഭോക്താക്കൾക്ക് ഓൺലൈനായി വായ്പ തിരിച്ചടവിനുള്ള സംവിധാനം ഏർപ്പെടുത്തി. സ്റ്റേറ്റ് ബാങ്കിന്റെ എസ് ബി ഐ കളക്ട് വഴിയാണ് തിരിച്ചടവിനുള്ള അവസരമൊരുക്കിയിട്ടുള്ളത്. ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, പ്രീപെയ്ഡ് കാർഡ്, എൻ ഇ എഫ് ടി /ആർ ടി ജി എസ്, യു പി ഐ എന്നിവ വഴി ഓൺലൈനായി പണമടക്കാം. യു പി ഐ / റുപൈ ഡെബിറ്റ് എന്നിവ മുഖേനയുള്ള തിരിച്ചടവിന് സർവീസ് ചാർജ് ഈടാക്കുന്നതല്ല. തിരിച്ചടവ് രസീത് എസ് ബി ഐ കളക്ടിൽ നിന്ന് ലഭിക്കും. മുൻ തിയ്യതികളിൽ എസ് ബി ഐ കളക്ട് മുഖേന നടത്തിയിട്ടുള്ള ഇടപാടുകൾക്കും രസീതി ലഭിക്കുന്നതാണ്. ഇതിന് പുറമെ കോർപ്പറേഷന്റെ ജില്ലാ ഓഫീസിലും മറ്റ് ഉപജില്ലാ ഓഫീസുകളിലും എസ് ബി ഐ ശാഖകൾ മുഖേനയും വായ്പ തിരിച്ചടക്കാൻ സാധിക്കും. വിശദമായ വിവരങ്ങൾക്ക് www.ksbcdc.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0487-2424212, 2424214

## ചാലക്കുടി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് 10.18 കോടി രൂപയുടെ അനുമതി

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിലെ വിവിധ റോഡുകളുടെ പുനരുദ്ധാരണത്തിന് 10.18 കോടി രൂപയുടെ അനുമതി ലഭിച്ചതായി ബി ഡി ദേവസ്സി എം എൽ എ അറിയിച്ചു. ചാലക്കുടി നഗരസഭയിലെ റോഡുകൾക്ക് മാത്രമായി 160 ലക്ഷം രൂപ അനുവദിച്ചു. ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിൽ കൊടകര 117.28 ലക്ഷം, കോടശ്ശേരി 232.50 ലക്ഷം, അതിരപ്പിള്ളി 68 ലക്ഷം, കാടുകുറ്റി 75 ലക്ഷം, കൊരട്ടി 102 ലക്ഷം, മേലൂർ 90.79 ലക്ഷം, പരിയാരം 172.60 എന്നിങ്ങനെയാണ് തുക അനുവദിച്ചിട്ടുള്ളത്.

# നടത്തറ കുടുംബാരോഗ്യ കേന്ദ്രത്തിൽ മരുന്നുകൾ ലഭ്യമാക്കി

നടത്തറ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ്, കാൻസർ രോഗികൾക്കുള്ള മരുന്നുകൾ ലഭ്യമാക്കി. ചീഫ് വിപ്പ് കെ രാജന്റെ ഇടപെടലിലാണ് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ സി എസ് ആർ ഫണ്ട് ഉപയോഗിച്ച് മരുന്നുകൾ ലഭ്യമാക്കിയത്. കുടുംബാരോഗ്യ കേന്ദ്രത്തിൽ വരുന്ന രോഗികൾക്ക് അർഹത അനുസരിച്ച് സൗജന്യമായാണ് മരുന്നുകൾ വിതരണം ചെയ്യുക. പവർഗ്രിഡ് കോർപ്പറേഷൻ ചീഫ് ജനറൽ മാനേജർ ജയചന്ദ്രൻ, എ ജി എം സുഷമ, നടത്തറ പഞ്ചായത്ത് പ്രസിഡന്റ് രജിത് പി ആർ, ജനപ്രതിനിധികൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# പ്രളയ പ്രതിരോധ പ്രവർത്തനങ്ങൾ മേയറുടെ നേതൃത്വത്തിൽ വിലയിരുത്തി

കോർപ്പറേഷൻ പരിധിയിലെ പ്രളയ പ്രതിരോധ പ്രവർത്തനങ്ങൾ മേയർ അജിത ജയരാജന്റെ നേതൃത്വത്തിൽ വിലയിരുത്തി. പഞ്ചിക്കൽ തോടുമുതൽ പടിഞ്ഞാറോട്ട് പുഴയ്ക്കൽ മെയിൻ കാന വരെ 1350 മീറ്റർ ആഴം കൂട്ടലും ആര്യാസ് ഹോട്ടൽ, ടൊയോട്ട എന്നിവയുടെ മുന്നിലുള്ള തോട് വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. താണിക്കുടം, പുഴയ്ക്കൽ, എം.എൽ.എ. റോഡ് മുതൽ ശോഭാസിറ്റിയുടെ വശം, പുഴയ്ക്കൽ വരെയുള്ള ഭാഗം രണ്ടര കിലോമീറ്റർ ദൂരം ആഴം കൂട്ടലും വെള്ളം കെട്ടി നിർത്താനുമുള്ള പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. മണ്ണ് സംരക്ഷണ വകുപ്പിന്റെ 6 പ്രവൃത്തികൾക്കായി 6.50 കോടി രൂപയുടെ ഭരണാനുമതിയും 13-ാം ഡിവിഷനിലെ കൈനൂർ തോട്, കൈപ്പാൽ തോട്, കുറിഞ്ഞാൽ തോട് ഡിവിഷൻ 3ലെ കട്ടിച്ചിറ തോട്, ഡിവിഷൻ 47ലെ പുല്ലഴി കോൾപ്പടവ് പാടശേഖരം, ഡിവിഷൻ 55ലെ കുറിഞ്ഞാക്കൽ തോട് എന്നിവ ആഴം കൂട്ടുന്ന പ്രവൃത്തികൾക്കുള്ള ഭരണാനുമതിയും ലഭിച്ചതായി മേയർ അറിയിച്ചു.

ഏനാമാവ് താൽക്കാലിക ബണ്ട് കാലവർഷ ആരംഭത്തിൽ തന്നെ സമയബന്ധിതമായി പൊളിച്ചുനീക്കണമെന്ന് മേജർ ഇറിഗേഷൻ വകുപ്പിനെ അറിയിക്കും. തോടുകളിലെയും ചാലുകളിലെയും ചീർപ്പുകൾ നിർമ്മിച്ചുകഴിഞ്ഞാൽ യഥാസമയം പരിപാലിക്കുന്നതിനുള്ള നിർദ്ദേശം പാടശേഖരസമിതിക്ക് നൽകണമെന്ന് മൈനർ ഇറിഗേഷൻ വകുപ്പിനെയും അറിയിക്കും. ബണ്ടുകളിലുള്ള സ്ലൈഡുകൾ കൊയ്ത്ത് കഴിഞ്ഞാലുടൻ തുറന്നുവെച്ച് ജല നിർഗ്ഗമനം സുഗമമാക്കണമെന്ന് പാടശേഖര സമിതിക്ക് നിർദ്ദേശം നൽകണമെന്ന് കെ.എൽ.ഡി.സി.യോട് ആവശ്യപ്പെടും. പുഴയ്ക്കൽ പാലം നിർമ്മാണത്തിൻറെ അവശിഷ്ടങ്ങൾ അടിയന്തരമായി നീക്കം ചെയ്യാനും ചേറ്റുവ അഴിമുഖത്ത് വെള്ളം ഒഴിഞ്ഞുപോകുന്നതിന് തടസ്സമായി നിൽക്കുന്ന മണൽത്തിട്ട നീക്കം ചെയ്യുന്നതിനും ആവശ്യപ്പെടാനും യോഗം തീരുമാനിച്ചു. ഡെപ്യൂട്ടി മേയർ റാഫി ജോസ് പി, ഡി.പി.സി. മെമ്പർ വർഗ്ഗീസ് കണ്ടംകുളത്തി, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ജോൺ ഡാനിയേൽ, കൗൺസിലർ അഡ്വ. എം.കെ. മുകുന്ദൻ എന്നിവർ യോഗത്തിൽ സംസാരിച്ചു.

# മാധ്യമപ്രവർത്തകർക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്തു

മതിലകം അഗ്രോ സർവീസ് സെന്ററിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ മാധ്യമ പ്രവർത്തകർക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്തു. ലോക്ക് ഡൗൺ കാലത്ത് പച്ചക്കറികൾ വീട്ടിൽ തന്നെ ഉത്പാദിപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് പച്ചക്കറി തൈകൾ വിതരണം ചെയ്തത്. ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ കയ്പമംഗലം പ്രസ് ക്ലബ്ബ് സെക്രട്ടറി സുബിന് തൈകൾ നൽകി വിതരണോദ്ഘാടനം നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി അധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി ഓഫീസർ ജോജു സംസൺ, എ ഡി എ ജ്യോതി പി ബിന്ദു എന്നിവർ പങ്കെടുത്തു.

# കോവിഡ് പ്രതിരോധ പ്രവർത്തനം: പോലീസ് ഉദ്യോഗസ്ഥരെ ആദരിച്ച് ഗീതാ ഗോപി എം എൽ എ

കോവിഡ് പ്രതരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതികൂല കാലാവസ്ഥയിൽ റോഡിലും മറ്റു സുപ്രധാന കേന്ദ്രങ്ങളിലും ലോക്ക് ഡൌൺ നടപ്പിലാക്കി പ്രവർത്തിക്കുന്ന വലപ്പാട് പോലീസിനെ ഗീതാ ഗോപി എം എൽ ആദരിച്ചു. കർമ്മമേഖലയിൽ ആത്മാർത്ഥമായി മികവ് തെളിയിച്ച് നിരാലംബർക്കും രോഗികൾക്കും കൈത്താങ്ങായി മാറിയ വലപ്പാട് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരെ എംഎൽഎ സ്റ്റേഷനിൽ എത്തിയാണ് ആദരിച്ചത്.

സ്റ്റേഷൻ പരിധിയിൽപ്പെട്ട പാട്ടുകുളങ്ങരയിലെ വൃക്കരോഗവും ക്ഷയരോഗവും ബാധിച്ച യുവാവിനും, മാസത്തിൽ മൂന്ന് തവണ ഡയാലിസിസിന് വിധേയനാകുന്ന കഴിമ്പ്രം ഭാഗത്തെ ഓട്ടോ ഡ്രൈവർ ബിനോയിക്കും, ക്ഷയരോഗം ബാധിച്ച 13 വയസുകാരി പെൺകുട്ടിക്കും അവശ്യ മരുന്നുകൾ വലപ്പാട് പോലീസ് എത്തിച്ചു നൽകിയിരുന്നു. ലോക്ക് ഡൗൺ മൂലം ജോലിക്ക് പോകാൻ കഴിയാതെ വരുമാനമാർഗ്ഗമില്ലാതെ വിഷമിക്കുന്ന തീരദേശത്തെയും മറ്റും 15,000 കുടുംബങ്ങൾക്ക് ജനമൈത്രീ പോലീസിന്റെയും വലപ്പാട് സി പി മുഹമ്മദ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും സഹകരണത്തോടെ അവശ്യ ഭക്ഷ്യ കിറ്റുകൾ എത്തിച്ചും ക്യാൻസർ രോഗികൾക്ക് വീടുകളിൽ മരുന്നുകൾ എത്തിച്ചും മാതൃകയായ ഉദ്യോഗസ്ഥർക്കാണ് ആദരവ് നൽകിയത്. സ്റ്റേഷൻ അഡ്മിനിസ്ട്രേഷൻ ഓഫീസർ എ എസ് ഐ നൂറുദ്ധീനെ ചടങ്ങിൽ ആദരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുഭാഷിണി മഹാദേവർ അധ്യക്ഷത വഹിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: വലപ്പാട് എസ് എച്ച് ഒ സുമേഷിന് വലപ്പാട് പോലീസിന്റെ സേവനത്തിന് ഷീൽഡ് നൽകി ഗീതാ ഗോപി എം എൽ എ അനുമോദിക്കുന്നു***

# മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതിക്ക് എടത്തിരുത്തിയിൽ തുടക്കം

മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതിക്ക് എടത്തിരുത്തിയിൽ തുടക്കമായി. ലോക്ക്ഡൗണിനെ തുടർന്ന് തൊഴിൽ നഷ്ടം മൂലം സാധാരണക്കാർക്കുണ്ടായ ദുരിതം കണക്കിലെടുത്ത് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'മുഖ്യമന്ത്രിയുടെ സഹായഹസ്തം' വായ്പാ പദ്ധതി. ചെന്ത്രാപ്പിന്നി സർവീസ് സഹകരണ ബാങ്കിൽ നടന്ന പദ്ധതിയുടെ ഉദ്ഘാടനം എടത്തിരുത്തി പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് നിർവ്വഹിച്ചു. സി ഡി എസ് ചെയർപേഴ്സൺ ഐഷാബി മുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷീന വിശ്വൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ വി സതീഷ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ ഗീത മോഹൻദാസ്, വാർഡ് മെമ്പർ ഉമറുൽ ഫാറൂക്ക്, ബാങ്ക് പ്രസിഡന്റ് ടി.കെ.ചന്ദ്രബാബു, സെക്രട്ടറി എം എസ് പ്രമീള എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി എടത്തിരുത്തിയിൽ പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് നിർവ്വഹിക്കുന്നു***